LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അങ്കമാലി മുതൽ കാലടി വരെയുള്ള റെയിൽവേ ലൈനിന്റെ പണികൾ പൂർത്തിയായി വരുന്നു. ലെവൽ ക്രോസിംഗുകളിൽ അണ്ടർ പാസുകളുടേയും ഓവർ ബ്രിഡ്ജുകളുടേയും നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി റെയിൽവേ ലൈനിന്റെ ഉയരത്തിൽ അൽപ്പം വ്യത്യാസം വരുത്തേണ്ടതിനാലാണ് കാലതാമസം ഉണ്ടാകുന്നത്.

(ബി) 31-12-2014-നകം പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

(സി) രണ്ട് മേൽപ്പാലങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്ന് അങ്കമാലി എയർപോർട്ട് റോഡിൽ മനയ്ക്കപ്പടിയും മറ്റൊന്ന് നായത്തോടുമാണ്.

വൈകി ഓടുന്ന ട്രെയിനുകൾ

54 (2292) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ വഴിയുള്ള തീരദേശ റെയിൽവെ പാതയിൽകൂടി ഓടുന്ന എല്ലാ പാസഞ്ചർ ട്രെയിനുകളും വൈകിയാണ് ഓടുന്നതെന്നുള്ള വാർത്തകളും നിവേദനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്ഥിരമായി ട്രെയിനുകൾ വൈകാറില്ല എന്നും സാങ്കേതിക തടസ്സങ്ങൾ കാരണം ചിലപ്പോൾ വൈകാറുണ്ടെന്നും റെയിൽവേയിൽ നിന്നും അറിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും കഴിവതും ട്രെയിനുകൾ വൈകിയോടുന്ന സാഹചര്യങ്ങൾ ഒഴിവാക്കണമെന്ന് റെയിൽവേയോട് ആവശ്യപ്പെടുന്നതാണ്.

സബർബൻ റെയിൽവേ പദ്ധതി

55 (2293) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സബർബൻ റെയിൽവേ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം നൽകുമോ ;

(ബി) പദ്ധതിയുടെ ആദ്യഘട്ട പുരോഗതികൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) മലബാറിലെ ജനങ്ങളുടെ യാത്രാ ദുരിതത്തിന് പരിഹാരം കാണുന്നതിന് നിർദ്ദിഷ്ട സബർബൻ റെയിൽ മലബാറിലേക്കുകൂടി നീട്ടുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) സബർബൻ പദ്ധതി എത്രയുംവേഗം യാഥാർത്ഥ്യമാക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ?

ഉത്തരം

(എ&ബി) സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് 1-1-2013-ൽ കേരള സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ സാധ്യതാ പഠനം മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് (MRVC) എന്ന പൊതുമേഖലാ കമ്പനിയെ ഏല്പിക്കുകയും അവർ ടി പദ്ധതിയുടെ സാധ്യതാ പഠനം നടത്തിയ ശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കുമെന്നാണ് പദ്ധതിയുടെ DPR-ലെ ശുപാർശ.

(സി) DPR പ്രകാരം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തിരുവനന്തപുരത്ത് നിന്നും ചെങ്ങന്നൂർ വരെയാണ് സബർബൻ സർവ്വീസ് ഉദ്ദേശിക്കുന്നത്. തുടർന്ന് എറണാകുളം വരെ ദീർഘിപ്പിച്ച് രണ്ടര മണിക്കൂർ കൊണ്ട് തിരുവനന്തപുരം എറണാകുളം റൂട്ടിൽ ട്രെയിൻ സർവ്വീസ് നടത്താനാണ് ഉദ്ദേശിക്കുന്നത്. മലബാർ വരെ ഈ സേവനം ഏർപ്പെടുത്താൻ സാദ്ധ്യതാ പഠനം നടത്തിയിട്ടില്ല.

(ഡി) നിലവിലുള്ള റെയിൽവേ ലൈനുകളിൽ ട്രെയിനുകൾ ഒരു നിശ്ചിത ദൂരത്തേക്ക് മാത്രം ഓടിക്കുന്നതിനുള്ള പദ്ധതിയാണിത്. ഇൻഡ്യൻ റെയിൽവേയുടെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കേണ്ടി വരുന്നത്. അതിനാൽ പദ്ധതിയുടെ ഓപ്പറേഷൻ, മെയിന്റനൻസ് എന്നിവ സംബന്ധിച്ചും സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്റെ ഘടന സംബന്ധിച്ചും ഫണ്ടിംഗ് സംബന്ധിച്ചും ഒക്കെ വളരെ വിശദമായ വിലയിരുത്തലുകളും കൂടിയാലോചനകളും ആവശ്യമാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. റെയിൽവേ മന്ത്രാലയവുമായും കേന്ദ്ര സർക്കാരുമായും സംസ്ഥാന സർക്കാർ ഇതുസംബന്ധിച്ച് നിരന്തരമായി ഇടപെടൽ നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly